**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 239** **18-03-2022 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡിലെ മരാമത്ത് പണികളുടെ നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്** | | **null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ദേവസ്വം ബോർഡിലെ മരാമത്ത് പണികളുടെ നടപടിക്രമങ്ങൾ വിശദമാക്കുമോ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിവിധ മരാമത്ത് വർക്കുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി, ഡിപ്പാർട്ട്മെന്റ് മാനദണ്ഡപ്രകാരം ടെന്റർ വിളിച്ച് അംഗീകൃത കരാറുകാരന് അനുമതി നൽകി എഗ്രിമെന്റ് വെച്ച് ആയത് പ്രകാരം വർക്ക് പൂർത്തീകരിക്കുന്നു. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ മരാമത്ത് പ്രവർത്തികൾ നടത്തുമ്പോൾ നടപടിക്രമങ്ങൾ സുഗമവും കാര്യക്ഷമവും ആക്കുന്നതിനായി പ്രസ്തുത കാലയളവിൽ നിലനിൽക്കുന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കുലർ പുറപ്പെടുവിക്കാറുണ്ട്. കൊച്ചിൻ, കൂടൽമാണിക്യം ദേവസ്വം ബോർഡുകളുടെ കീഴിൽ വരുന്ന മരാമത്ത് പണികൾ ടെണ്ടർ ക്ഷണിച്ചാണ് വർക്ക് അവാർഡ് ചെയ്യുന്നത്. ഗുരുവായൂർ ദേവസ്വത്തിലെ മരാമത്ത് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട അസി. എഞ്ചിനീയർ തയ്യാറാക്കി മരാമത്ത് വിദഗ്ധ സമിതിയുടെ ശിപാർശയോടെ ഭരണസമിതിയുടെ അനുമതിയ്ക്കായി സമർപ്പിക്കുന്നു. അനുമതി ലഭ്യമാകുന്ന പക്ഷം 50000/- രൂപവരെയുള്ള പ്രവൃത്തിയ്ക്ക് ക്വട്ടേഷനും അതിന് മുകളിൽ ഒരു ലക്ഷം രൂപ വരെയുള്ളവയ്ക്ക് ടെണ്ടറും ഒരു ലക്ഷത്തിന് മുകളിൽ ഉള്ളവയ്ക്ക് ഇ-ടെണ്ടറും ക്ഷണിക്കുന്നു. 5 ലക്ഷം രൂപയിൽ കൂടുതലുള്ള പുതിയ പ്രവൃത്തികൾക്ക് ഗുരുവായൂർ ദേവസ്വം കമ്മീഷണറുടെ ധനവിനിയോഗാനുമതി ലഭ്യമായതിനു ശേഷം ഇ-ടെണ്ടർ ക്ഷണിക്കുന്നു. വർക്ക് ഓർഡർ നൽകി 14 ദിവസത്തിനകം നിയമാനുസൃത തുക സെക്യൂരിറ്റി ഡിപ്പോസിറ്റ് ആയി അടവാക്കിയതിനു ശേഷം കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെടും. |

| | | | |
|---|---|---|---|
| | | | പ്രവൃത്തി പൂർത്തിയായതിനുശേഷം ബന്ധപ്പെട്ട അസി. എഞ്ചിനീയർ സമർപ്പിക്കുന്ന ബിൽ, വിദഗ്ധ സമിതി ശിപാർശയോടെ കരാറുകാരന് പാസാക്കി നൽകുന്നു. |
| (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പ്രവൃത്തികൾക്ക് കണക്കും രേഖയുമില്ലാത്ത അവസ്ഥയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എല്ലാ നിർമ്മാണ പ്രവൃത്തികൾക്കും, ആവശ്യമായ രേഖകളും മറ്റ് അനുബന്ധ വിശദാംശങ്ങളും കൃത്യമായി പരിപാലിച്ച് വരുന്നുവെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ദേവസ്വം ബോർഡിൽ മരാമത്ത് പണികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന എം. ബുക്ക് നിലവിലുണ്ടോ; ആയത് ഓഡിറ്റ് വിഭാഗത്തിന് നൽകിയിട്ടുണ്ടോ എന്നറിയിക്കുമോ; | (സി) | ഉണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് എം.ബുക്ക് നിർബന്ധമായും സൂക്ഷിക്കുന്നതിന് ക്ഷേത്രഭരണാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് അതാത് ക്ഷേത്രങ്ങളുടെ ഓഡിറ്റിൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിച്ച് വരുന്നുണ്ട്. തിരുവിതാംകൂർ, കൊച്ചിൻ, കൂടൽമാണിക്യം, ഗുരുവായൂർ ദേവസ്വങ്ങളിൽ എം. ബുക്ക് നിലവിലുണ്ട്. ഓഡിറ്റ് വിഭാഗം ആവശ്യപ്പെടുന്ന മുറയ്ക്ക് എം-ബുക്കുകൾ കൃത്യമായി ഓഡിറ്റിന് നൽകി വരുന്നു. |
| (ഡി) | എം. ബുക്കിന് പകരം വ്യാജ ബുക്കുകൾ ഉപയോഗിക്കുന്നതായുള്ള പരാതികൾ അന്വേഷിച്ച് നടപടി സ്വീകരിക്കുമോ? | (ഡി) | എം. ബുക്കിന് പകരം വ്യാജ ബുക്കുകൾ ഉപയോഗിക്കുന്നതായുള്ള പരാതികൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ